## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2066 | 11.03.2020 - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ചരക്ക്സേവന നികുതി നിർണ്ണയിക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.ജെ. വിനോദ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന നികുതി നിർണ്ണയ ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തർക്കവിഷയത്തിലെ തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നൽകേണ്ടതില്ലായെങ്കിലും സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുടെ ഇപ്രകാരമുള്ള ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകൾക്ക് ഡിസ്പ്യൂട്ട് ടാക്സിന്റെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് അടക്കേണ്ടതായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ നിയമം 76-ാം വകുപ്പ് അനുസരിച്ച് സിവിൽ/ക്രിമിനൽ കോടതികളിൽ ഫയൽ ചെയ്യുന്ന കേസുകളിലൊഴികെ അപ്പലേറ്റ് അധികാരികൾ മുൻപാകെയോ ട്രൈബ്യൂണൽ മുൻപാകെയോ ഫയൽ ചെയ്യുന്ന കേസുകളിൽ തർക്കത്തിലുള്ള തുക നിർണ്ണയിക്കാവുന്നതാണെങ്കിൽ പ്രസ്തുത തുകയുടെ 1% ലീഗൽ ബെനിഫിറ്റ് ഫണ്ടായി നൽകേണ്ടതുണ്ട്. ചരക്കുസേവന നികുതി നിയമപ്രകാരം സി.ജി.എസ്.ടി ഉദ്യോഗസ്ഥരും എസ്.ജി.എസ്.ടി ഉദ്യോഗസ്ഥരും നികുതി നിർണ്ണയ അധികാരികളാണ്. കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ നിയമം വകുപ്പ് 2(1) അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ കീഴിൽ ഉള്ള ഓഫീസർമാരുടെ മുൻപാകെ സമർപ്പിക്കുന്ന കേസുകളിൽ ലീഗൽ ബെനിഫിറ്റ് ഫണ്ട് ബാധകമല്ല. ആയതിനാൽ കേന്ദ്ര ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന നികുതി നിർണ്ണയ ഉത്തരവിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തർക്കവിഷയത്തിൽ ഉള്ള തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നൽകേണ്ടതില്ല. എന്നാൽ സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥരുടെ ഉത്തരവിനെതിരെ ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന അപ്പീലുകൾക്ക് തർക്കവിഷയത്തിൽ ഉള്ള തുകയുടെ ഒരു ശതമാനം ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. 19-01-2017 തീയതിയിലെ 100-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ S.R.O. No.33/2017 പ്രകാരം വിജ്ഞാപനം ചെയ്ത 16-01-2017-ലെ G.O.(P)01/2017/നിയമം നമ്പർ ഉത്തരവിൻ പ്രകാരമാണ് ടി അധിക കോർട്ട് ഫീസ് സംസ്ഥാന സർക്കാർ ഈടാക്കുന്നത്. |
| (ബി) | ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ